# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 747 28.09.2011 - ൽ മറുപടിക്ക്

## നെയ്യാറ്റിൻകര മണ്ഡലത്തിലെ ജലവിതരണ പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ. സെൽവരാജ് | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലവിഭവവകുപ്പു മന്ത്രി 06.06.2011-ൽ തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ ചേർന്ന മണ്ഡലത്തിലെ ജലവിതരണ പദ്ധതിയുടെ അവലോകന യോഗത്തിൽ എടുത്ത തീരുമാനപ്രകാരം നെയ്യാറ്റിൻകര മണ്ഡലത്തിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ ഇനം തിരിച്ച് വിവരം ലഭ്യമാക്കുമോ; | (എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിന് പ്രയോജനം ലഭിക്കുന്ന പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ ചുവടെ ചേർക്കുന്നു.<br>**1. സാർക്ക് സ്കീം**<br>**പാറശ്ശാലയ്ക്കും സമീപ വില്ലേജുകൾക്കും മറുകിൽ മാറനല്ലൂർ വില്ലേജുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി**<br>നെയ്യാറ്റിൻകര നഗരസഭയ്ക്കു കൂടി പ്രയോജനം ലഭിക്കുന്ന ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള ഇൻടേക്ക് അറേഞ്ചു-മെന്റ്സ്, റാ വാട്ടർ ഗ്രാവിറ്റി മെയിൻ, 36 എം.എൽ.ഡി ജലശുദ്ധീകരണശാല തുടങ്ങിയവയുടെ പണികൾ പൂർത്തിയായിട്ടുണ്ട്. റാ വാട്ടർ പമ്പിംഗ് മെയിനിന്റെ പണി എഗ്രിമെന്റ് വെച്ചിട്ടുണ്ട്. റാ വാട്ടർ സമ്പ് കം പമ്പ് ഹൗസിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. കാളിപ്പാറ ജലശുദ്ധീകരണശാല മുതൽ നെയ്യാറ്റിൻകര വഴി പാറശ്ശാല പൊൻവിളയിലേയ്ക്ക് പോകുന്ന ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിനിന്റെ ടെൻഡറും പരിശോ-ധനയിലാണ്. ഈ ഗ്രാവിറ്റി മെയി-നിൽ നിന്നാണ് നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിക്കു വേണ്ട ശുദ്ധജലം ടാപ്പ് ചെയ്യുന്നത്.<br>**2. സാർക്ക് സ്കീം**<br>**നെയ്യാറ്റിൻകര അർബൻ ശുദ്ധജലവികരണ പദ്ധതിയുടെ വിപുലീകരണം.**<br>ഈ പദ്ധതിയുടെ |

ഭാഗമായിട്ടുള്ള ജലവിതരണ ശൃംഖലയുടെയും, ട്രാൻസ്മിഷൻ മെയിൻ ഇന്റർ കണക്ഷൻ ജോലിയുടെയും എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ പി.ഡബ്ലിയു.ഡി. റേറ്റ് റിവിഷൻ നടത്തിയതിനാൽ മേൽ നിർദ്ദേശപ്രകാരം ഈ പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

| | | | |
|---|---|---|---|
| (ബി) | അർബൻ വാട്ടർ സപ്ലൈ സ്കീം പ്രകാരം എൻ.ഡബ്ല്യൂ.എസ്.എസ്. അമരവിളസോൺ റീ കണ്ടീഷനിംഗ് ഓഫ് എക്സിസ്റ്റിംഗ് പമ്പ്, എൻ.ഡബ്ല്യൂ.എസ്.എസ്. റോ വാട്ടർ പമ്പ് ഹൗസ് റീകണ്ടീഷനിംഗ് ആന്റ് റീപ്ലെയിസിംഗ് ഓഫ് ഡാമേജ്ഡ് ഇംപെല്ലർ എന്നീ പദ്ധതികൾക്ക് റീപ്ലെയിസിംഗ് കോളം പൈപ്പ് ഓഫ് 40 എച്ച്.പി.വി.ടി. പമ്പ് അറ്റ് അരുവിപുറം പമ്പ് ഹൗസ് എന്നീ പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ഭരണാനുമതി നൽകിയിട്ടില്ല. |
| (സി) | പ്രസ്തുത യോഗത്തിൽ ഹാജരാക്കിയ റിപ്പോർട്ട് പ്രകാരം നെയ്യാറ്റിൻകര മണ്ഡലത്തിൽ ഇനി എന്തെങ്കിലും പദ്ധതികൾക്ക് ഭരണാനുമതി നൽകാനുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | | ഭരണാനുമതി നൽകാനില്ല. |

സെക്ഷൻ ഓഫീസർ